## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - പർച്ചേസ് സെക്ഷൻ- തൃക്കരിപ്പൂർ പോളിടെക്നിക് കോളേജിലെ ക്യാന്റീന്റെ മുൻ വശവും പിൻ വശവും ഒരടി ഉയരത്തിൽ കല്ല് കെട്ടി മണൽ നിറച്ച് പ്ലാസ്റ്റർ ചെയ്യുന്നതിനും, ക്യാന്റീനിന്റെ മേൽക്കൂരക്ക് മുകളിൽ ഷീറ്റ് പാകുന്നതിനുമായി ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/33604/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 21.11.2023

---

വായന:- 1.25/07/2023 ലെ തൃക്കരിപ്പൂർ വനിതാ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ഡി 1/1429/23/ജിപിസി-ടികെപിആർ

2.നീലേശ്വരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയരുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/12599/2023_5_1_1.

3.09/10/2023 ലെ പർച്ചേസ് കമ്മിറ്റി മിനിറ്റ്സ്.

**ഉത്തരവ്**

തൃക്കരിപ്പൂർ പോളിടെക്നിക് കോളേജിലെ സ്ഥാപനത്തിലെ കാന്റീനിലെ പുറകു വശവും, മുൻ വശവും മഴ വെള്ളം കെട്ടികിടന്നു കാന്റീനിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ ആയതിനാൽ , ടി വിഷയത്തിനു പരിഹാരമായി ക്യാന്റീനിന്റെ മുൻ വശവും പിൻ വശവും ക്യാംപസ് റോഡിന്റെ ഉയരത്തിന് സമാനമായി ഒരടി ഉയരത്തിൽ കല്ലുകെട്ടി മണൽ നിറച്ചു പ്ലാസ്റ്റർ ചെയ്യുന്നതിനും മേൽക്കൂരക്ക് മുകളിൽ ഷീറ്റ് പാകുന്നതിനുമായി 4,53,000/- (നാല്യ ലക്ഷത്തി അൻപത്തിമൂവായിരം രൂപ ) രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന (1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം നീലേശ്വരംപൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥാപനത്തിലെ ക്യാന്റീന്റെ മുൻ വശവും പിൻ വശവും ഒരടി ഉയരത്തിൽ കല്ല് കെട്ടി മണൽ നിറച്ച് പ്ലാസ്റ്റർ ചെയ്യുന്നതിനും, ക്യാന്റീനിന്റെ മേൽക്കൂരക്ക് മുകളിൽ ഷീറ്റ് പാകുന്നതിനുമായി 4,53,000/- (നാല്യ ലക്ഷത്തി അൻപത്തിമൂവായിരം രൂപ ) രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

വായന (3) പ്രകാരം മേൽ പ്രൊപ്പോസൽ 09 /10/2023 ൽ ഈ കാര്യാലയത്തിൽ ചേർന്ന പർച്ചേസ് കമ്മിറ്റിയിൽ പരിഗണിക്കുകയും, ടി പ്രവർത്തി ചെയ്യുന്നതിനായി ഭരണാനുമതി അനുവദിക്കുന്നതിനായി കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ തൃക്കരിപ്പൂർ പോളിടെക്നിക് കോളേജിലെ സ്ഥാപനത്തിലെ കാന്റീനിലെ പുറകു വശവും, മുൻ വശവും മഴ വെള്ളം കെട്ടികിടന്നു കാന്റീനിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ ആയതിനാൽ , ടി വിഷയത്തിനു പരിഹാരമായി ക്യാന്റീനിന്റെ മുൻ വശവും പിൻ വശവും ക്യാംപസ് റോഡിന്റെ ഉയരത്തിന് സമാനമായി ഒരടി ഉയരത്തിൽ കല്ലുകെട്ടി മണൽ നിറച്ചു പ്ലാസ്റ്റർ ചെയ്യുന്നതിനും മേൽക്കൂരക്ക് മുകളിൽ ഷീറ്റ് പാകുന്നതിനുമായി 4,53,000/- (നാല്യ ലക്ഷത്തി അൻപത്തിമൂവായിരം രൂപ) രൂപയുടെഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ചു ചെയ്യേണ്ടതാകുന്നു.

പ്രസ്തുത ചിലവിന് ആവശ്യയമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ

Draft #1 of File D4/33604/23/DTE Approved by Director (in-charge) on 21-Nov-2023 10:18 PM - Page 1

ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്,
തൃക്കരിപ്പൂർ.
2. അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, നീലേശ്വരം.
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 21.11.2023
Reason: Approved

Draft #1 of File D4/33604/23/DTE Approved by Director (in-charge) on 21-Nov-2023 10:18 PM - Page 2

The document is digitally approved. Hence signature is not needed.